പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 404 10.03.2015-ൽ മറുപടിയ്ക്ക്

# ചെറായി 110 കെ. വി. സബ്സ്റ്റേഷൻെറ നിർമ്മാണം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) ചെറായി 110 കെ. വി. സബ് സ്റ്റേഷൻെറ നിർമ്മാണം അനിശ്ചിതമായി തടസ്സപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇക്കാര്യത്തിൽ ഇക്കഴിഞ്ഞ ആറുമാസക്കാലയളവിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ; | (ബി) അനിശ്ചിതമായി മുടങ്ങിക്കിടന്ന അഡ്വക്കേറ്റ് കമ്മീഷൻെറ ഇൻസ്പെക്ഷൻ, ബോർഡിന്റെ നിരന്തരമായ ഇടപെടലുകൾ മൂലം 17.11.2014 ൽ പൂർത്തിയായി. |
| (സി) ലൈൻ വലിക്കുന്നത് സംബന്ധിച്ച കാര്യത്തിൽ ബന്ധപ്പെട്ട കമ്മീഷൻെറ ഇതുവരെയുള്ള പ്രവർത്തനങ്ങൾ തീയതി സഹിതം വിശദീകരിക്കാമോ ; | (സി) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് പ്രസ്തുത സബ്സ്റ്റേഷന്റെ അനുബന്ധ റൂട്ടുകൾ 24.07.2013 മുതൽ 30.10.2013 വരെ സർവ്വേ ചെയ്ത് രേഖപ്പെടുത്തിയിരുന്നു. ഈ സ്ഥല വിവരങ്ങൾ 22.06.2013, 20.08.2013, 05.10.2013, 29.10.2013, 30.10.2013, 14.12.2013, 17.12.2013, 19.06.2014, 17.11.2014 എന്നീ ദിവസങ്ങളിൽ കമ്മീഷൻ നേരിട്ട് പരിശോധിച്ച രേഖപ്പെടുത്തിയിട്ടുള്ളതാണ്. |
| (ഡി) കമ്മീഷൻെറ റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ ; | (ഡി) കമ്മീഷൻ, റിപ്പോർട്ട് ഇതുവരെയും എറണാകുളം Additional District Magistrate മുൻപാകെ സമർപ്പിച്ചിട്ടില്ല. |
| (ഇ) കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ കാലതാമസത്തിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ ? | (ഇ) റിപ്പോർട്ട് സമർപ്പിക്കുന്നതിന് കമ്മീഷൻ ആവശ്യപ്പെട്ടിട്ടുള്ള എല്ലാ വിവരങ്ങളും നേരിട്ടും രേഖാമൂലവും പരിശോധന സമയത്ത് — 17.11.2014 നുള്ളിൽ തന്നെ ബോർഡ് കമ്മീഷൻ മുൻപാകെ സമർപ്പിച്ചിട്ടുള്ളതാണ്. കമ്മീഷൻ, റിപ്പോർട്ട് Additional District Magistrate നു സമർപ്പിക്കുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമല്ല. |

സെക്ഷൻ ഓഫീസർ.